1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

മേശപ്പുറത്തുവച്ച കടലാസുകൾ (തുടർച്ച)

[5 PM] ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999 നവംബർ മാസം 11-ാം തീയതിയിലെ G.O.P.No.2211/99/Fin. S.R.O. No. 920/99 ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ഇന്നലെ സഭയ്ക്ക് നൽകിയ ഉറപ്പ് പാലിച്ചിരിക്കുന്നു.

XI. എസ്.ആർ.ഒ. സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ഏത് സ്കീമാണെങ്കിലും റൂളാണെങ്കിലും മുൻകൂട്ടി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കണം. വളരെ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മാത്രമേ മറിച്ച് വരാൻ പാടുള്ളൂ. അത് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ചിട്ടില്ലെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കണമെന്നുള്ളത് ശരിയാണ്. പക്ഷേ, സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ എല്ലാ എസ്.ആർ.ഒ.യും വയ്ക്കാറില്ല. ഇത് സഭയിൽത്തന്നെ വയ്ക്കാമെന്ന് ഇന്നലെ അങ്ങ് റൂൾ ചെയ്തത് അനുസരിച്ച് സമ്മതിച്ച സ്ഥിതിക്ക് ഞാൻ ഇന്ന് ഇവിടെ വയ്ക്കാമെന്ന് പറഞ്ഞു; ഞാൻ മേശപ്പുറത്ത് വച്ചു. ഇനി അത് റീ-ഓപ്പൺ ചെയ്യുന്നത് ശരിയാണോ?

മി. സ്പീക്കർ : ഭംഗിയായിട്ട് തന്നെ അത് അങ്ങ് നിർവ്വഹിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ഞാൻ പറഞ്ഞതും രണ്ടും രണ്ടാണ്. ഏത് സ്കീമാണെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വച്ച് അപ്രൂവ് ചെയ്തേ എസ്.ആർ.ഒ. ആക്കാൻ പാടുള്ളൂ. അതാണ് എന്റെ അഭിപ്രായം. അതേ ചെയ്യാൻ പാടുള്ളൂ. ഇവിടെ വയ്ക്കാത്തത് അല്ല തെറ്റ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വാദിക്കേണ്ടത് ഇതാണ്. Article 249 of the Constitution - Ordinance has got all the status of an Act. Act empowers the Government to come out with the scheme under Section (3). We have come out with the scheme, by issuing

LIBRARY ARCHIVES Kerala Legislative Assembly